**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1438** **12-02-2025 - ൽ മറുപടിയ്ക്ക്**

**നോക്കുകൂലിയെ തുടർന്നുള്ള സംഘർഷങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. എ. നെല്ലിക്കുന്ന്, ശ്രീ. കെ. പി. എ. മജീദ്, ശ്രീ. പി. കെ. ബഷീർ | | ശ്രീ വി ശിവൻകുട്ടി (പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | നോക്കുകൂലി നൽകാത്തതിനെ തുടർന്നുണ്ടാകുന്ന സംഘർഷങ്ങൾ പതിവാകുന്നത് ഗൗരവമായി പരിശോധിച്ചിട്ടുണ്ടോ; | (എ) | കേരളത്തിലെ ചുമട്ടുതൊഴിൽ മേഖലയിൽ നിലനിൽക്കുന്ന അനാരോഗ്യകരമായ പ്രവണതകൾ അവസാനിപ്പിക്കുന്നതിനും മെച്ചപ്പെട്ട തൊഴിൽ സംസ്കാരം പ്രാവർത്തികമാക്കാനും രമ്യമായ തൊഴിൽ ബന്ധങ്ങൾ സൃഷ്ടിക്കാനുമുള്ള നിർദ്ദേശങ്ങൾ 30/04/2018 ലെ ജി.ഒ (ആർ.ടി) നമ്പർ. 511/2018/ തൊഴിൽ പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിൻ പ്രകാരം ചെയ്യാത്ത ജോലിയ്ക്ക് കൂലി ആവശ്യപ്പെടുന്നത് നിയമ വിരുദ്ധമാണെന്നും ഇതിന് വിരുദ്ധമായി പ്രവർത്തിക്കുന്നവർക്കെതിരെ നടപടി സ്വീകരിക്കുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. നോക്കുകൂലിയുമായി ബന്ധപ്പെട്ട് ഇപ്പോൾ ഒറ്റപ്പെട്ട ചില സംഭവങ്ങൾ മാത്രമാണ് ഉണ്ടാകുന്നത്. നോക്കുകൂലി സംബന്ധിച്ച പരാതികൾ പരിശോധിച്ച് നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | തിരുവനന്തപുരം ജില്ലയിലെ വെള്ളറടയിൽ മുപ്പത് ലക്ഷത്തോളം രൂപ വായ്പയെടുത്ത് കച്ചവടം നടത്തുന്ന വ്യാപാരിയെ നോക്കുകൂലി നൽകാത്തതിന്റെ പേരിൽ തൊഴിലാളികൾ മർദ്ദിച്ചതായി പരാതി ഉണ്ടായിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ തൊഴിൽ വകുപ്പ് എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ; | (ബി) | ഈ വിഷയം സംബന്ധിച്ച് വെള്ളറട കണ്ണൂർക്കോണം, എസ്.ഡി വയർനെറ്റിംഗ് എന്ന സ്ഥാപന ഉടമ ശ്രീ.സുനിൽകുമാർ ഡി. 16/12/2024-ൽ നെയ്യാറ്റിൻകര അസിസ്റ്റന്റ് ലേബർ ഓഫീസിൽ നല്കിയ പരാതിയിന്മേൽ ടി ഓഫീസർ നേരിട്ട് അന്വേഷണം നടത്തുകയും തുടർന്ന് 23/12/2024-ൽ വിവിധ ചുമട്ടുതൊഴിലാളി യൂണിയൻ ഭാരവാഹികളുമായി ചർച്ച നടത്തുകയുമുണ്ടായി. ടി ചർച്ചയിൽ, തൊഴിലുടമയുടെ ആവശ്യപ്രകാരം കയറ്റ് തൊഴിലുടമയ്ക്കും ഇറക്ക് മാത്രമാണ് ചുമട്ടുതൊഴിലാളിയ്ക്ക് അർഹതപ്പെട്ടതെന്നും ലോഡ് വന്നാൽ അര മണിക്കൂർ ചുമട്ടുതൊഴിലാളികൾക്ക് സമയം നല്കുകയും അവരെത്താതിരുന്നാൽ തൊഴിലുടമ സ്വന്തമായി ഇറക്കുകയും ചെയ്യും എന്നതും യൂണിയൻ ഭാരവാഹികളും അരുവാട്ടുകോണം യൂണിറ്റ് ചുമട്ടുതൊഴിലാളികളും സമ്മതിച്ചു. |

| | | | |
|---|---|---|---|
| | | | തിരുവനന്തപുരം ജില്ലാ ലേബർ ഓഫീസർ നിശ്ചയിച്ചിട്ടുള്ള സ്കാറ്റേർഡ് വിഭാഗത്തിന്റെ കയറ്റിറക്ക് കൂലി പട്ടിക പ്രകാരം കൂലി വാങ്ങി മാത്രമേ സാധനങ്ങളുടെ കയറ്റിറക്ക് നടത്താവൂ എന്ന് പ്രസ്തുത സ്ഥലത്തെ 26 (എ) കാർഡുള്ള ചുമട്ട് തൊഴിലാളികൾക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ഇപ്രകാരം പരാതിയ്ക്ക് പരിഹാരം കണ്ടിട്ടുണ്ട്. |
| (സി) | ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ? | (സി) | ജില്ലാ ലേബർ ഓഫീസർമാർ നിശ്ചയിച്ചിട്ടുള്ള സ്കാറ്റേർഡ് വിഭാഗത്തിന്റെ കയറ്റിറക്ക് കൂലി പട്ടിക പ്രകാരം കൂലി വാങ്ങി മാത്രമേ സാധനങ്ങളുടെ കയറ്റിറക്ക് നടത്താവൂ എന്ന് 26 (എ) കാർഡുള്ള ചുമട്ടുതൊഴിലാളികൾക്ക് കർശന നിർദ്ദേശം നൽകിയിട്ടുള്ളതും ചുമട്ട് തൊഴിലാളികൾ നോക്കുകൂലി വാങ്ങി എന്ന് തെളിഞ്ഞാൽ അവരുടെ 26 (എ) കാർഡ് റദ്ദ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുന്നതുമാണ്. |

സെക്ഷൻ ഓഫീസർ